അറിയാം അധ്യാപനത്തിലേയ്ക്കുള്ള വിജയമന്ത്രം

# ENTRI TEACHING മന്ത്ര



## LP – UP
നോട്ടിഫിക്കേഷൻ ഉടൻ?

## SET – NET
ഇപ്പോൾ അപേക്ഷിക്കാം

## ഒന്നാം റാങ്കിന്റെ വിജയരഹസ്യം
- അശ്വതി നായർ

## കേരള ചരിത്രം
SPECIAL TOPIC

SCAN HERE TO DOWNLOAD

അധ്യാപക ഉദ്യോഗാർത്ഥികളോട്
## പ്രദീപ് സാറിന്
പറയാനുള്ളത്...



ലക്കം - 1 | OCTOBER 2023

# “CHILDREN MUST BE TAUGHT HOW TO THINK, NOT WHAT TO THINK.”

*Margaret Mead*

പ്രിയപ്പെട്ട അധ്യാപകരെ,

ഓരോ മനുഷ്യനും ഒരോ അനന്ത സാധ്യതയാണ്. യേശുക്രിസ്തുവും, ചെഗുവേരയും, ആൽബർട്ട് ഐൻസ്റ്റീനും, അബ്ദുൾ കലാമും, സുന്ദർ പിച്ചേയും, ഞാനും നിങ്ങളും എല്ലാം ഈ അനന്തസാധ്യതയുടെ വിവിധ മാനങ്ങളിലൂടെ കടന്നു പോയവരാണ്. നിങ്ങളുടെ മുന്നിലെത്തുന്ന ഓരോ വിദ്യാർത്ഥികളും പ്രവചനാതീതമായ ഓരോ അനന്ത സാധ്യതകളാണ് എന്ന തിരിച്ചറിവാണ് ഒരു അധ്യാപകൻ എന്ന നിലയിൽ നിങ്ങൾക്ക് ആദ്യം ഉണ്ടാവേണ്ടത്. ഒരു വലിയ സാധ്യതയെ മുളയിലേ നുള്ളിക്കളയാനും, നല്ല വളമിട്ട് വളർത്തി ഒരു ഫലമുള്ള വൃക്ഷമാക്കി മാറ്റാനും ഒരു അധ്യാപകന് കഴിയും. ഇത് തന്നെയാണ് അധ്യാപന ജോലിയുടെ ഏറ്റവും വലിയ വെല്ലുവിളിയും ഉത്തരവാദിത്വവും. ഈ വലിയ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറെടുക്കുന്ന ശ്രമകരമായ പരിശീലനത്തിലൂടെയാണ് നിങ്ങൾ ഇപ്പോൾ കടന്നു പോയികൊണ്ടിരിക്കുന്നത്. ഒരു പരീക്ഷ ജയിക്കുക, അതിലൂടെ ഒരു ജോലി നേടുക എന്നതിനപ്പുറം, പത്തോ ഇരുപത്തഞ്ചോ വർഷത്തിനപ്പുറം നിങ്ങൾ പഠിപ്പിച്ച വിദ്യാർത്ഥികൾ ലോകം ഉറ്റുനോക്കുന്ന ഒരു വ്യക്തിത്വത്തിനുടമകളായി മാറണം എന്ന വലിയ സ്വപ്നമാവണം നിങ്ങളുടെ പ്രചോദനം. ‘ഗുരു’ എന്ന വാക്കിന്റെ പൂർണാർത്ഥത്തിൽ, ഒരുപാട് വിദ്യാർത്ഥികളുടെ ജീവിതത്തിൽ നല്ല മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുന്ന ഒരു നല്ല അധ്യാപകൻ/ അധ്യാപികയാവാൻ എല്ലാവർക്കും സാധിക്കട്ടെ!

**Happy Learning**
**& Happy Teaching**

ആശംസകളോടെ,

**Aswin K R**
Head of Academics, Entri App

# SERVICE DOUBTS

Anil Kumar Sir



### LP-UP പരീക്ഷ എഴുതാൻ മലയാളം പഠിക്കണം എന്നത് നിർബന്ധം ആണോ?

നിലവിൽ, SSLC തലത്തിലോ Plus 2 തലത്തിലോ മലയാളം പഠിച്ചിരിക്കണമെന്നത് നിർബന്ധമാണ്. എന്നാൽ 24/2/2023ന് മുൻപ് Ded/TTC പ്രവേശനം നേടിയിട്ടുള്ളവർക് SSLC/Plus 2 തലത്തിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും പിന്നീട് ബിരുദതലത്തിലോ ട്രെയിനിങ് കോഴ്സ് തലത്തിലോ മലയാളം പഠിച്ചിട്ടുണ്ടെങ്കിൽ അവരെ LP/UP സെലക്ഷന് പരിഗണിക്കും. അവർക്കു മലയാള പ്രാവീണ്യം ഉറപ്പ് വരുത്തുന്നതിനുള്ള യോഗ്യതാപരീക്ഷ നടത്തും.

### LP/UP നോട്ടിഫിക്കേഷൻ എന്ന് വരും?

ഇത് സംബന്ധിച്ച കമ്മീഷൻ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല. എങ്കിലും ഒരു റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് 1½ വർഷത്തിനുള്ളിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമെന്ന ഒരു നയം കമ്മിഷൻ അനുവർത്തിക്കുന്ന സാഹചര്യത്തിൽ 2023 നവംബർ അവസാനമോ ഡിസംബറിലോ LP/UP വിജ്ഞാപനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

### 'HSA ഫിസിക്കൽ സയൻസ് ' വിജ്ഞാപനം  എന്നുണ്ടാകും?

HSA ഫിസിക്കൽ സയൻസ് വിജ്ഞാപനം സംബന്ധിച്ച കമ്മിഷൻ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. ഈ തസ്തികയുടെ യോഗ്യത സംബന്ധിച്ച ഒരു കേസ് നിലനിൽക്കുന്നതാണ് വിജ്ഞാപനം വൈകുന്നതിന് കാരണം. 2020 ഒക്ടോബർ മാസത്തിൽ നിലവിൽ വന്ന ലിസ്റ്റുകൾ 2023 ഒക്ടോബറിൽ അവസാനിക്കുയെന്നതിനാൽ അധികം വൈകാതെ വിജ്ഞാപനം പ്രതീക്ഷിക്കാം.

### എത്ര തവണ പരീക്ഷ അറ്റൻഡ് ചെയ്യാതിരുന്നാൽ ആണ് പ്രൊഫൈൽ ലോക്ക് ആകുക?

അങ്ങനെ ഒരു സമയപരിധി കമ്മീഷൻ നിശ്ചയിച്ചിട്ടില്ല. പരീക്ഷ എഴുതാൻ താല്പര്യമില്ലാത്തവരും കൺഫർമേഷൻ കൊടുക്കുന്നത് മൂലം പരീക്ഷ നടത്തിയാലുണ്ടാകുന്ന ചെലവ് കൂടുന്നത് തടയുന്നതിനാണ് കൺഫർമേഷൻ നൽകിയിട്ടും പരീക്ഷയ്ക്ക് ഹാജരാകാതിരിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ നടപടിയെടുക്കുമെന്ന് കമ്മിഷൻ വ്യക്തമാക്കിയിട്ടുള്ളത്. ഒഴിച്ചുകൂടാൻ പറ്റാത്തകാരണങ്ങളാൽ പരീക്ഷ എഴുതാൻ പറ്റാത്തവർക്ക് കമ്മിഷൻ ആവശ്യപ്പെടുന്ന സമയത്ത് മതിയായ തെളിവുകൾ ഹാജരാക്കിയാൽ കമ്മിഷൻ അത് പരിഗണിക്കും. കൺഫെർമേഷൻ നൽകിയശേഷം തുടർച്ചയായി പരീക്ഷയ്ക്ക് ഹാജരാകാതിരിക്കുന്ന പ്രവണത ഒഴിവാക്കുക.

# TOPIC WISE NOTES

## പഴശ്ശി വിപ്ലവം

ദക്ഷിണേന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരെ ഉയർന്നുവന്ന കലാപങ്ങളിൽ ഏറ്റവും ഗൗരവമാർന്ന ഒന്നായിരുന്നു പഴശ്ശി കലാപം. മലബാറിൽ ആധിപത്യം സ്ഥാപിച്ച ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയമാണ് ഈ കലാപത്തിനു വഴിയൊരുക്കിയത്. കേരള വർമ്മ പഴശ്ശി രാജ മലബാറിലെ കോട്ടയം രാജവംശത്തിലെ ഒരംഗമായിരുന്നു. ബ്രിട്ടീഷുകാരും പഴശ്ശിയും തമ്മിലുള്ള ബന്ധം തുടക്കത്തിൽ സൗഹാർദ്ദപരമായിരുന്നു. മൈസൂർ യുദ്ധങ്ങളിൽ അദ്ദേഹം ബ്രിട്ടീഷുകാരെ സഹായിച്ചിരുന്നു. ഇതിനുപകരമായി ജനങ്ങളിൽ നിന്ന് കരം പിരിക്കാനുള്ള അധികാരം പഴശ്ശിരാജാവിന് നൽകാമെന്ന് ബ്രിട്ടീഷുകാർ വാഗ്ദാനം നൽകി. എന്നാൽ മലബാർ തങ്ങളുടെ അധീനതയിൽ വന്നപ്പോൾ ബ്രിട്ടീഷുകാർ ഈ വാഗ്ദാനം മറന്നു. നികുതി പിരിക്കാനുള്ള അധികാരം അവർ പഴശ്ശിയുടെ അമ്മാവൻ കുറുമ്പ്രനാട് രാജാവിനാണ് നൽകിയത്. അദ്ദേഹമാകട്ടെ ജനങ്ങളിൽ നിന്ന് ഉയർന്ന നികുതി പിരിച്ചെടുക്കുകയും നികുതിപ്പിരിവിനായി എല്ലാ കടുത്ത മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് പഴശ്ശി രാജാവ് ബ്രിട്ടീഷുകാർക്കെതിരെ കലാപത്തിന് ഒരുങ്ങിയത്.



- ബ്രിട്ടീഷുകാർക്കെതിരെ പഴശ്ശിരാജ ജനങ്ങളെ സംഘടിപ്പിച്ച് പ്രക്ഷോഭം നടത്താനുള്ളകാരണം - കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അധികാരം നൽകാത്തതും വായനാടിനുമേൽ അവകാശവാദം ഉന്നയിച്ചതും
- പഴശ്ശിരാജയെ കേരള സിംഹമെന്ന് വിശേഷിപ്പിച്ചത് - സർദാർ കെ. എം. പണിക്കർ
- ഒന്നാം പഴശ്ശി കലാപം നടന്ന കാലഘട്ടം: 1793 - 1797
- 1800 - 1805 വരെയാണ് രണ്ടാം പഴശ്ശി വിപ്ലവം നടന്നത്

- ബ്രിട്ടുഷുകാർക്കെതിരെയുള്ള യുദ്ധത്തിൽ പഴശ്ശി രാജാവിന്റെ കേന്ദ്രമായിരുന്ന മല - പുരളി മല
- 1792 ലെ ശ്രീരംഗപട്ടണം സന്ധിയ്ക്ക് ശേഷം നികുതി പിരിക്കാനുള്ള അധികാരം കമ്പനി നൽകിയത് കുറുമ്പ്രനാട്ടെ വീരവർമ്മയ്ക്കായിരുന്നു. നായർ സമുദായാംഗങ്ങൾ, മാപ്പിളമാർ, ഗോത്രജനത എന്നിവരടങ്ങിയ പഴശ്ശിയുടെ പട്ടാളം കമ്പനി സൈന്യത്തെ ശക്തമായി ചെറുത്തു. തുടർന്ന് ഇംഗ്ലീഷുകാരെ വയനാട്ടിൽ നിന്ന് പുറത്താക്കാനായി പഴശ്ശി മൈസൂരിന്റെ സഹായം തേടി. അവസാനം ബ്രിട്ടീഷ് സൈന്യം വയനാട്ടിൽ നിന്ന് പിന്മാറുകയും 1797ൽ പഴശ്ശിയുമായി അനുരഞ്ജനത്തിലാവുകയും ചെയ്തു.

- കേണൽ ഡോവ്, ലഫ്. ജനറൽ ഗോർഡൻ എന്നിവരായിരുന്നു ഒന്നാം പഴശ്ശി കലാപം അടിച്ചമർത്താൻ നിയോഗിക്കപ്പെട്ടത്
- 1801ൽ പഴശ്ശിയുടെ മന്ത്രിയായിരുന്ന കണ്ണവത്ത് ശങ്കരനെ അറസ്റ്റ് ചെയ്യുകയും തൂക്കിലേറ്റുകയും ചെയ്തു
- 1802ലെ പനമരം കോട്ട ആക്രമത്തിന് നേതൃത്വം നൽകിയത് - തലയ്ക്കൽ ചന്തുവാണ്
- പഴശ്ശി വിപ്ലവത്തെ അടിച്ചമർത്തിയ ബ്രിട്ടിഷ് സൈന്യാധിപൻ - കേണൽ ആർതർ വെല്ലസ്ലി
- പഴശ്ശിരാജയ്ക്കെതിരെ യുദ്ധം ചെയ്യാൻ ആർതർ വെല്ലസ്ലി നിയമിച്ച 1200 പോലീസുകാരടങ്ങിയ പ്രത്യേക സേന - കോൽക്കാർ
- പഴശ്ശിരാജ മരണമടഞ്ഞ വർഷം - 1805 നവംബർ 30 (തലശ്ശേരി സബ്ബ് കളക്ടറായ തോമസ് ഹാർവെ ബേബറുമായുള്ള  ഏറ്റുമുട്ടലിൽ മാവിലത്തോടിൽ വെച്ച് മരണമടഞ്ഞു)
- ബ്രിട്ടീഷുകാർക്കെതിരെ പഴശ്ശിരാജ ആവിഷ്ക്കരിച്ച യുദ്ധതന്ത്രം - ഗറില്ലാ യുദ്ധം (ഒളിപ്പോര്)
- പഴശ്ശി കലാപ സമയത്തെ മലബാർ സബ് കളക്ടർ - ടി. എച്ച് ബാബർ
- പഴശ്ശിയുടെ ശവകുടീരം സ്ഥിതി ചെയ്യുന്നത് – മാനന്തവാടി
- പഴശ്ശി ഡാം സ്ഥിതി ചെയ്യുന്നത് - കണ്ണൂർ (വളപട്ടണം)
- പഴശ്ശി മ്യൂസിയം സ്ഥിതി ചെയ്യുന്നത് – കോഴിക്കോട്
- പഴശ്ശിയെ സഹായിച്ച ആദിവാസി വിഭാഗക്കാർ - കുറിച്യർ, കുറുമ്പർ
- പഴശ്ശിയുടെ സഹയാത്രികൻ - ഇടച്ചേരി കുങ്കൻ
- പഴശ്ശിയെ സഹായിച്ച കുറിച്യ നേതാവ് - തലയ്ക്കൽ ചന്തു
- തലയ്ക്കൽ ചന്തു സ്മാരകം സ്ഥിതി ചെയ്യുന്നത് - പനമരം (വയനാട്)
- പഴശ്ശിയെ സഹായിച്ച മുസ്ലീം വ്യാപാരി - ചെമ്പൻ പോക്കർ
- പഴശ്ശിയുടെ അംഗരക്ഷകയായ കുറിച്യ യുവതി - നീലി
- ഒളിപ്പോര് നടത്താൻ പഴശ്ശിയെ സഹായിച്ചത് - ചെമ്പൻപോക്കർ, കൈതേരി അമ്പു നായർ, എടച്ചേന കുങ്കൻ നായർ, വയനാട്ടിലെ കുറിച്യർ നേതാവായ തലയ്ക്കൽ ചന്തു
- പഴശ്ശി രാജാവിന്റെ സർവ്വ സൈന്യാധിപൻ - കൈതേരി അമ്പു നായർ
- പഴശ്ശികലാപസമയത്ത് തകർക്കപ്പെട്ട കറുവാതോട്ടം - അഞ്ചരക്കണ്ടി
- പഴശ്ശി സമരങ്ങൾ എന്ന കൃതി എഴുതിയത് - കെ. കെ. എൻ. കുറുപ്പ്
- പഴശ്ശിരാജ ചമയങ്ങളില്ലാതെ എന്ന കൃതി എഴുതിയത് - മുണ്ടക്കയം ഗോപി



പഴശ്ശി മ്യൂസിയം



പഴശ്ശിരാജയുടെ ശവകുടീരം
മാനന്തവാടി

# വേലുത്തമ്പി ദളവ



1802 മുതൽ 1809 വരെ തിരുവിതാംകൂർ രാജ്യത്തെ ദളവ അഥവാ പ്രധാനമന്ത്രി ആയിരുന്നു വേലായുധൻ ചെമ്പകരാമൻ തമ്പി എന്ന വേലുത്തമ്പി ദളവ. 1765ൽ അന്നത്തെ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഭാഗമായ (ഇന്നത്തെ തമിഴ്നാടിന്റെ) കന്യാകുമാരി ജില്ലയിലെ തലക്കുളം ആണ് അദ്ദേഹത്തിന്റെ ജന്മസ്ഥലം. വേലായുധൻ ചെമ്പകരാമൻ തമ്പി എന്നാണ് മുഴുവൻ പേര്. ഏറ്റവും ദുർബലനായ തിരുവിതാംകൂർ രാജാവ് എന്നറിയപ്പെട്ടിരുന്ന അവിട്ടം തിരുനാൾ ബാലരാമവർമ്മയുടെ ദിവാനായി തന്റെ 37-ാം വയസ്സിൽ അദ്ദേഹം സ്ഥാനമേറ്റെടുത്തു. വേലുത്തമ്പി ദളവയുടെ ഭരണപരിഷ്കാരങ്ങൾ:


- കൊല്ലത്ത് ഹജൂർ കച്ചേരി (സെക്രട്ടേറിയറ്റ് ) സ്ഥാപിച്ചു
- കേരളത്തിൽ ആദ്യമായി സഞ്ചരിക്കുന്ന കോടതി എന്ന ആശയം നടപ്പിലാക്കി
- വേമ്പനാട്ട് കായലിലെ പാതിരാമണൽ ദ്വീപിനെ കൃഷിയോഗ്യമാക്കി
- ചങ്ങനാശേരിയിൽ അടിമച്ചന്ത സ്ഥാപിച്ചു

തിരുവിതാംകൂർ നായർ ബ്രിഗേഡിന്റെ അലവൻസ് കുറയ്ക്കാൻ തീരുമാനിച്ച വേലുത്തമ്പി ദളവയുടെ നീക്കത്തിനെതിരെ നടന്ന ലഹള തിരുവിതാംകൂർ പട്ടാള ലഹള (1804) എന്നറിയപ്പെടുന്നു. വേലുത്തമ്പി ദളവയുടെ കാലത്തെ ഈസ്റ്റ് ഇന്ത്യ കമ്പനി റസിഡന്റ് മെക്കാളെ ആയിരുന്നു. ഭരണകാര്യങ്ങളിൽ മെക്കാളെയുടെ അനാവശ്യമായ ഇടപെടലുകൾ വേലുത്തമ്പി ദളവായിൽ നീരസം ഉണ്ടാക്കുകയും മെക്കാളെയുമായി ശത്രുത വെച്ചുപുലർത്തിയിരുന്ന കൊച്ചിയിലെ പ്രധാന മന്ത്രിയായ പാലിയത്തച്ചനുമായി വേലുത്തമ്പി ദളവ സഖ്യം ചേരുകയും ചെയ്തു. ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടത്തിൽ അണിനിരക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്തുകൊണ്ടുള്ള ഒരു വിളംബരം 1809 ജനുവരി 11 ന് ഇളമ്പള്ളൂർ ക്ഷേത്രത്തിൽ വച്ച് അദ്ദേഹം പുറത്തിറക്കി. ഇത് 'കുണ്ടറ വിളംബരം ' എന്നറിയപ്പെട്ടു. ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടത്തിനിടയിൽ പത്തനംതിട്ടയിലെ മണ്ണടി ക്ഷേത്രത്തിനടുത്തു വച്ച് 1809ൽ അദ്ദേഹം ആത്മാഹുതി ചെയ്തു.

- വേലുത്തമ്പി ദളവയ്ക്ക് ശേഷം തിരുവിതാംകൂർ ദിവാനായത് - ഉമ്മിണി തമ്പി
- വേലുത്തമ്പി ദളവ സ്മാരകം സ്ഥിതി ചെയ്യുന്നത് - അടൂരിലെ മണ്ണടിയിൽ
- വേലുത്തമ്പി ദളവയുടെ പേരിലുള്ള കോളേജ് സ്ഥിതി ചെയ്യുന്നത് - ധനുവച്ചപുരം (VTMNSS College, തിരുവനന്തപുരം)
- വേലുത്തമ്പി ദളവയുടെ പൂർണ്ണകായ പ്രതിമ അനാച്ഛാദനം ചെയ്തിട്ടുള്ളത് - തിരുവനന്തപുരത്തെ സെക്രട്ടറിയേറ്റിനു മുന്നിൽ

# പാലിയത്തച്ചൻ

കൊച്ചി രാജ്യത്തെ പ്രധാനമന്ത്രിമാർ 'പാലിയത്തച്ചൻ' എന്ന പേരിലാണ് പ്രശസ്തരായിരുന്നത്. പാലിയത്തച്ചന്മാർ 1632 മുതൽ 1809 വരെ കൊച്ചി രാജാക്കന്മാരുടെ മന്ത്രി മുഖ്യൻ എന്ന പദവി വഹിച്ചുവന്നു. വേലുത്തമ്പി ദളവയുടെ സമകാലികനായ പാലിയത്ത് ഗോവിന്ദൻ കോമിയച്ചൻ ശക്തൻ തമ്പുരാന്റെ ഭരണകാലത്ത് കൊച്ചി രാജ്യത്തെ പ്രധാനമന്ത്രിയായിരുന്നു. കൊച്ചിയിലെ അവസാനത്തെ പാലിയത്തച്ചനായ ഗോവിന്ദൻ കോമിയച്ചൻ ഇംഗ്ലീഷുകാരോട് ഇടഞ്ഞുനിൽകുകയായിരുന്ന സമയത്ത് തിരുവിതാംകൂർ ദളവയായിരുന്ന വേലുത്തമ്പിയുമായി സഖ്യമുണ്ടാക്കി. പാലിയത്തച്ചൻ കൊച്ചി മന്ത്രിമുഖ്യനായിരുന്നപ്പോൾ കൊച്ചി റസിഡന്റ് കേണൽ മെക്കാളെ ആയിരുന്നു.



- ബ്രിട്ടീഷുകാർക്കെതിരെ കൊച്ചിയിൽ സമരം ആസൂത്രണം ചെയ്ത കൊച്ചി മന്ത്രി മുഖ്യൻ - പാലിയത്തച്ചൻ
- കൊച്ചി രാജ്യത്ത് ക്ഷേത്രപ്രവേശന വിളംബരത്തിന് നാന്ദിയായ സത്യാഗ്രഹമാണ് പാലിയം സത്യാഗ്രഹം
- കൊച്ചി മുഖ്യമന്ത്രി ആയിരുന്ന പാലിയത്തച്ചന് ജനങ്ങൾ സഞ്ചാര സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള നിവേദനം നൽകിയത് പാലിയം സത്യാഗ്രഹവുമായി ബന്ധപ്പെട്ടാണ്




# Numbers

- എണ്ണൽ സംഖ്യകൾ/നിസർഗ്ഗ സംഖ്യകൾ: 1, 2, 3, 4,......
- ഒറ്റ സംഖ്യകൾ: 1, 3, 5, 7, 9,......
- ഇരട്ട സംഖ്യകൾ: 2, 4, 6, 8, 10,.....
- അഖണ്ഡ സംഖ്യകൾ: 0, 1, 2, 3,....
- പൂർണ്ണ സംഖ്യകൾ..... -3, -2, -1, 0, 1, 2, 3,....
- അഭാജ്യ സംഖ്യകൾ: 2,3,5,7,11,13,17,19,23,29,.....
- ഭാജ്യ സംഖ്യകൾ: 4,6,8,9,10,12,14,15,16,.....
- ഭിന്ന സംഖ്യകൾ: 3/2, ½ ,1
- അനഘ സംഖ്യകൾ/പരിപൂർണ സംഖ്യകൾ: 6, 28, 496, 8128
- x-ന്റെ ഗുണന വിപരീതം = 1/x
- x-ന്റെ സങ്കലന വിപരീതം = (-x)
- ഏറ്റവും വലിയ: രണ്ടക്ക സംഖ്യ - 99, മൂന്നക്ക സംഖ്യ - 999
- ഏറ്റവും ചെറിയ: രണ്ടക്ക സംഖ്യ - 10, മൂന്നക്ക സംഖ്യ - 100
- അക്കങ്ങളുടെ എണ്ണം: 1 മുതൽ 99=2n-9, 1 മുതൽ 999=3n-108
- a-യുടെ വ്യുൽക്രമം തുക = 1/a
- a=bq+r; r=0, 1, 2,..... ഉദാ: 31=3x10 + 1
- ഒരു സംഖ്യയുടെ മുഖവില ആ സംഖ്യ തന്നെയാണ്
- 2x - ന്റെ പകുതി = 2x-1
- നെഗറ്റീവോ പോസിറ്റീവോ അല്ലാത്ത സംഖ്യ: പൂജ്യം
- ഏറ്റവും വലിയ നെഗറ്റീവ് സംഖ്യ: -1
- എല്ലാ പൂർണ സംഖ്യയുടെയും ഗുണനഫലം: പൂജ്യം
- ഭാജ്യമോ അഭാജ്യമോ അല്ലാത്ത എണ്ണൽ സംഖ്യാ: 1
- 1x0=0 x 0=0/0=0
- ഒന്ന് മുതൽ 100 വരെ എഴുതുമ്പോൾ, 1 എത്ര പ്രാവശ്യം ആവർത്തിക്കുന്നു: 21
- 2-9 എത്ര പ്രാവശ്യം ആവർത്തിക്കുന്നു: 20
- പൂജ്യം എത്ര പ്രാവശ്യം ആവർത്തിക്കുന്നു: 11
- ആകെ രണ്ടക്ക സംഖ്യകൾ: 90
- ഒന്നിന്റെ സ്ഥാനത്തും പത്തിന്റെ സ്ഥാനത്തും വ്യത്യസ്ത അക്കങ്ങളായ എത്ര രണ്ടക്ക സംഖ്യകൾ: 81
- ഒരേയക്കം വരുന്ന എത്ര രണ്ടക്ക സംഖ്യകൾ/മൂന്നക്ക സംഖ്യകൾ: 9
- എത്ര തവണ ഒരു സംഖ്യയിൽ നിന്ന് മറ്റൊരു സംഖ്യ കുറയ്ക്കാം: 1
- സംഖ്യാരേഖയിൽ a മുതൽ b വരെയുള്ള അകലം: b-a

# PSYCHOLOGY TIPS

Nasim Sir



## Behaviourism - Classical Conditioning

പൗരാണികാനുബന്ധന സിദ്ധാന്തം

### ‘ചോദകമില്ലാതെ പ്രതികരണമില്ല’

എല്ലാ മാനസിക പ്രവർത്തനങ്ങളും ചോദകങ്ങളാണെന്നും ഒരു പ്രതികരണം ഒരു ചോദകവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും വാദിക്കുന്ന വ്യവഹാരവാദ (Behaviourism) സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ J.B വാട്സന്റെ വരവോടെ മനശാസ്ത്ര പഠനങ്ങളിൽ നിലനിന്നിരുന്ന തർക്കങ്ങൾക്ക് കൂടുതൽ കൊഴുപ്പേകി. വ്യക്തിത്വം, പഠനം എന്നിവ നിർണയിക്കുന്നതിൽ പാരമ്പര്യത്തിനല്ല ചുറ്റുപാടിനാണ് പ്രധാന പങ്കെന്ന് വാദിച്ച കടുത്ത പരിസ്ഥിതിവാദിയാണ്
J.B വാട്സൺ. 1913ൽ പ്രസിദ്ധീകരിച്ച Psychology as the behaviorist views it എന്ന ലേഖനം ബിഹേവിയറിസത്തിന്റെ മാനിഫെസ്റ്റോ ആയി കരുതപ്പെടുന്നു.പാവ്ലോവ്, തോൺഡൈക്ക്, സ്കിന്നർ, C.L ഹൾ എന്നിവർ വ്യവഹാരസിദ്ധാന്തങ്ങൾ രൂപപ്പെടുന്നതിൽ പ്രധാന പങ്കുവച്ചു.

## പൗരാണികാനുബന്ധന സിദ്ധാന്തം

(Theory of Classical Conditioning) - Ivan Petrovich Pavlov

**“Pavlov ന്റെ പട്ടി”**

- മനഃശാസ്ത്രത്തിന്റെ ചരിത്രത്തിൽ ആദ്യമായി രേഖപ്പെടുത്തിയ അനുബന്ധന രീതി.
- 1904ൽ ദഹനേന്ദ്രിയ വ്യവസ്ഥയെ കുറിച്ചുള്ള പഠനത്തിന് പാവ്ലോവിന് നൊബേൽ സമ്മാനം ലഭിച്ചു.
- പാവ്ലോവ് പൗരാണികാനുബന്ധന സിദ്ധാന്തത്തിനാസ്പദമായ പരീക്ഷണങ്ങൾ നടത്തിയത് നായയിലാണ്.
- പൗരാണികാനുബന്ധനം, ഇച്ഛാതീതാനുബന്ധനം, S ടൈപ്പ് അനുബന്ധനം എന്നീ പേരുകളിൽ ഈ സിദ്ധാന്തം അറിയപ്പെടുന്നു.

## പാവ്ലോവിന്റെ പരീക്ഷണത്തിന്റെ ചിത്രീകരണം

**അനുബന്ധത്തിന് മുൻപ് (Before Conditioning)**

ഇറച്ചി (അനുബന്ധനം ചെയ്യാത്ത ചോദകം (US) / Natural Stimulus) → ഉമിനീർ സ്രാവം (അനുബന്ധനം ചെയ്യാത്ത പ്രതികരണം (UR)).

മണിയൊച്ച നിഷ്ക്രീയ ചോദകം - (CS)/Neutral Stimulus) → ഉമിനീർ സ്രാവമില്ല (UR)

**അനുബന്ധന സമയത്ത് (During Conditioning)**

ഇറച്ചി (അനുബന്ധനം ചെയ്യാത്ത ചോദകം) - ഉമിനീർ സ്രാവം (UR)
മണിയൊച്ച (അനുബന്ധന ചോദകം) - ഉമിനീർ സ്രാവം (UR)

**അനുബന്ധനത്തിന് ശേഷം (After Conditioning)**

മണിയൊച്ച (അനുബന്ധിത ചോദകം-(CS)) → ഉമിനീർ സ്രാവം (അനുബന്ധിത പ്രതികരണം) (CR)

CS - Conditioned Stimulus    US - Unconditioned Stimulus
UR - Unconditioned Response    CR - Conditioned Response

### കണ്ടെത്തലുകൾ

സ്വാഭാവികചോദകമായ ഇറച്ചിയുടെ അസാന്നിധ്യത്തിലും കൃത്രിമചോദകമായ മണിയൊച്ച നൈസർഗിക പ്രതികരണമായ ഉമിനീർ സ്രാവം ഉണ്ടാക്കി.

### പാവ്ലോവിന്റെ നിയമങ്ങൾ

- സമാന ചോദകങ്ങൾക്കിടയിൽ വ്യത്യാസങ്ങൾ വിവേചനത്തോടെ തിരിച്ചറിയാനുള്ള കഴിവ്- ചോദക വിവേചനം (Stimulus Discrimination).
- ചോദകങ്ങൾക്കിടയിലുള്ള സമയവ്യത്യാസവുമായി പൊരുത്തപ്പെടുന്ന പ്രതിഭാസം - വിളംബിത അനുബന്ധിത പ്രതികരണം.
- അഭ്യസിച്ച ഒരു പ്രതികരണത്തിന് ആസ്പദമായ ചോദകവുമായി സാമ്യമുള്ള ചോദകങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ അഭ്യസിച്ച പ്രതികരണം തന്നെ ഉണ്ടാകാനുള്ള പ്രവണത - ചോദക സാമാന്യവൽകരണം.
- പോലീസുകാരനെ കാണുമ്പോൾ ഭയപ്പെടുന്ന കുട്ടി കാക്കി ധരിച്ചിരിക്കുന്ന (പോസ്റ്മാൻ) മറ്റ് വ്യക്തികളെ കാണുമ്പോഴും ഭയപ്പെടുന്നത് പാവ്ലോവിന്റെ ഏത് നിയമവുമായി ബന്ധപ്പെട്ടിരിക്കുന്നു- ചോദക സാമാന്യവൽകരണം.
- പാമ്പിനെ പേടിയുള്ള വ്യക്തി കയർ കാണുമ്പോഴും ഭയപ്പെടുന്നത് - ചോദക സാമാന്യവൽകരണം
- ഫോബിയകളും മുൻവിധികളും ഉണ്ടാകുന്നത് എങ്ങനെയെന്ന് വിശദീകരിക്കുന്ന പാവ്ലോവിന്റെ നിയമം- ചോദക സാമാന്യവൽകരണം.

- കണ്ടീഷനിങ്ങിനുശേഷം കൃത്രിമചോദകത്തോടൊപ്പം നൈസർഗിക ചോദകം നൽകാതെ വരുമ്പോൾ കൃത്രിമ പ്രതികരണം ഇല്ലാതെയാകുന്നു.ഈ പ്രക്രീയ അറിയപ്പെടുന്നത് - വിലോപം
- താത്കാലികമായി പിന്നോക്കം നിൽക്കുന്ന കൃത്രിമ പ്രതികരണം അനുകൂലമായ സാഹചര്യത്തിൽ തിരികെ വരുന്നത് അറിയപ്പെടുന്ന പേര് - പുനപ്രാപ്തി.
- കൃത്രിമചോദകം സ്വാഭാവിക ചോദകവുമായി ബന്ധപ്പെടുത്തിയുള്ള പഠനമാണ് - അനുബന്ധനം.
- കുട്ടികളിൽ നല്ല ശീലങ്ങൾ വളർത്താനും ദുഷ്ശീലങ്ങൾ ഒഴിവാക്കാനും അധ്യാപകനെ സഹായിക്കുന്ന രീതി - അനുബന്ധനം.
- ഒരു കാർഡിന്റെ ഒരു വശത്ത് മാമ്പഴത്തിന്റെ ചിത്രവും മറുവശത്ത് MANGO എന്നും എഴുതിയ ഒരു പഠനോപകരണം ടീച്ചർ ക്ലാസ്സിൽ ഉപയോഗിക്കുന്നു. ഈ പഠനോപകരണം ഏത് പഠന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് - അനുബന്ധന സിദ്ധാന്തം.
- ശത്രുക്കളേയും മിത്രങ്ങളേയും തിരിച്ചറിയുന്നതിനും ഭക്ഷ്യയോഗ്യമായ വസ്തുക്കളേയും വിഷവസ്തുക്കളേയും തിരിച്ചറിയാൻ സാധിക്കുന്നതിനു സഹായിക്കുന്ന നിയമം - ചോദകവിവേചനം.
- വ്യവഹാരവാദവുമായി ബന്ധപ്പെട്ട് പഠനം ഒരു പ്രചോദന പ്രതികരണ പ്രക്രിയ ആണെന്ന് പ്രസ്താവിക്കുമ്പോൾ ഏത് ശാസ്ത്രജ്ഞന്റെ പരീക്ഷണമാണ് തിരഞ്ഞെടുക്കുന്നത് - പാവ്ലോവ്.

വിദ്യാഭ്യാസ മനശാസ്ത്രം പൊതുവേ അധ്യാപക വിദ്യാർത്ഥികളെ സംബന്ധിച്ചടുത്തോളം വളരെ ബുദ്ധിമുട്ടേറിയ ഒരു വിഷയമാണ്. എന്നാൽ ഈ വിഷയത്തിൽ നമ്മൾ ചില മാനദണ്ഡങ്ങൾ, ചില എളുപ്പവഴികൾ ഉപയോഗിച്ച് ഇതിനെ പഠിക്കാൻ ശ്രമിച്ചാൽ ഏറ്റവും വേഗത്തിൽ, ആധികാരികമായി വളരെ ലളിതമായി നമുക്ക് പഠിക്കാം. ഇന്നുമുതൽ വിദ്യാഭ്യാസ മനശാസ്ത്രത്തിലെ എന്റെ കാഴ്ചപ്പാടുകൾ ഈ പംക്തിയിലൂടെ നിങ്ങളുടെ മുന്നിലേക്ക് എത്തും.

ഈ ലക്കത്തിൽ നമ്മൾ ചർച്ച ചെയ്യുന്നത് വിദ്യാഭ്യാസ മനശാസ്ത്രത്തിലെ ഏറ്റവും പഴയ സിദ്ധാന്തമായ പൗരാണികാനുബന്ധ സിദ്ധാന്തമാണ്.






# RANK HOLDERS
# STORY



**അശ്വതി നായർ**
തിരുവനന്തപുരം

**ഞാൻ അശ്വതി,**
**തിരുവനന്തപുരം ജില്ലയിൽ വെമ്പായം ആണ് എൻറെ സ്വദേശം.**

കേരള PSC നടത്തിയ HST നാച്ചുറൽ സയൻസ് പരീക്ഷയിൽ തിരുവനന്തപുരം ജില്ലയിൽ ഒന്നാം റാങ്ക് ജേതാവാണ്. ഒരിക്കലും ഒരു സർക്കാർ ഉദ്യോഗസ്ഥ ആകാൻ കഴിയും എന്ന് കരുതിയതല്ല. ഇപ്പോൾ എനിക്ക് അഡ്വൈസ് മെമ്മോ ലഭിച്ചിരിക്കുന്നു. ഒരു സ്വപ്ന സാക്ഷാത്കാരത്തിന്റെ അഭിമാന മുഹൂർത്തത്തിലൂടെയാണ് കടന്നു പോയിക്കൊണ്ടിരിക്കുന്നത്. എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും, ഒരു സർക്കാർ ഉദ്യോഗം ഇല്ലാത്തതിന്റെ പേരിൽ ഒരുപാട് സന്ദർഭങ്ങളിൽ കുത്തുവാക്കുകൾ കേൾക്കേണ്ടി വന്നിട്ടുണ്ട്. എന്നും എൻറെ മാതാപിതാക്കൾക്ക് അതൊരു വേദനയായി അവശേഷിച്ചു. ചെയ്യുന്ന ജോലിയിൽ 100% തൃപ്തയായിരുന്ന ഞാൻ അതൊന്നും മുഖവിലയ്ക്കെടുത്തിരുന്നില്ല. നല്ലൊരു അധ്യാപിക ആവുക എന്നതിനപ്പുറം, അത് സർക്കാർ മേഖലയിൽ ആണോ പ്രൈവറ്റിലാണോ എന്നത് എനിക്ക് ഒരു പ്രശ്നമായിരുന്നില്ല.

ആദ്യമായി എഴുതിയ HSA പരീക്ഷയിൽ ഒരു മാർക്കിന്റെ വ്യത്യാസത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ സാധിക്കാതെ വന്നപ്പോൾ നേരിയ വിഷമവും കുറ്റബോധവും തോന്നിയിരുന്നു. അല്പം ഒന്നു ശ്രമിച്ചിരുന്നെങ്കിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാമായിരുന്നു.

ഏഴു വർഷങ്ങൾക്ക് ശേഷം പിന്നെയും ഒരു HSA വിളിച്ചപ്പോൾ അതിനെ അത്ര ലാഘവത്തോടെ കാണാൻ മനസ് അനുവദിച്ചില്ല. തുടക്കത്തിൽ അത്ര വലിയ ആവേശം ഒന്നുമുണ്ടായിരുന്നില്ല. വെറും ആറ് വേക്കൻസി മാത്രമുള്ള പോസ്റ്റ്, ജനറൽ കാറ്റഗരിക്കാരിയാണ്, ഇതെല്ലാം ഇടയ്ക്കിടയ്ക്ക് എന്നെ പിന്നോട്ട് വലിച്ചിരുന്നു.
ഇടയ്ക്കിടയ്ക്ക് ചൂടുകയറുകയും ഇടയ്ക്കങ്ങ് തണുത്തും അങ്ങനെ മുന്നോട്ടു പോയി എൻറെ HSA പഠനം. പെട്ടെന്ന് കൺഫർമേഷൻ കൊടുക്കാനുള്ള PSC മെസ്സേജ് കണ്ടപ്പോൾ കുറച്ചൊന്നു ഭയന്നു.

വെറും മൂന്നുമാസം മാത്രം മുന്നിൽ പഠിച്ചു തീർക്കാൻ കടലോളം ഭാഗങ്ങൾ. എങ്ങനെ മുന്നോട്ടു പോകും എന്ന് ചിന്തയിലിരിക്കുമ്പോഴാണ് എൻട്രി ആപ്പിന്റെ ക്രാഷ് കോഴ്സിനെ കുറിച്ചുള്ള പരസ്യം ശ്രദ്ധയിൽപ്പെടുന്നത്.

എൻട്രിയുടെ യൂട്യൂബ് ചാനലിലൂടെ കുറച്ച് വീഡിയോ ക്ലാസുകൾ കണ്ടു. ഹേമ മിസ്സിന്റെ വീഡിയോ ക്ലാസ്സ് ആയിരുന്നു എന്നെ എൻട്രിയിലേക്ക് ആകർഷിച്ച പ്രധാന ഘടകം. ആപ്പ് ഡൗൺലോഡ് ചെയ്തു എൻട്രിയെ കോൺടാക്ട് ചെയ്ത് കോഴ്സ് പർച്ചേസ് ചെയ്തു.
അപ്പോഴാണ് എനിക്ക് ENTRIൽ നിന്നും ഒരു കോൾ വരുന്നത്. ഗോൾഡ് ബാച്ചിലേക്ക് ജോയിൻ ചെയ്യാൻ താല്പര്യം ഉണ്ടോ എന്നായിരുന്നു ചോദ്യം. ആദ്യം അതിന്റെ ഫീച്ചേഴ്സ് ഒക്കെ എക്സ്പ്ലെയിൻ ചെയ്തു തന്ന സാർ എന്നെ ആ കോഴ്സിലേക്ക് ജോയിൻ ചെയ്യാൻ നിർബന്ധിച്ചു. എന്നാൽ വേണ്ട എന്നായിരുന്നു എന്റെ ആദ്യത്തെ മറുപടി. ആലോചിച്ച് പിന്നീട് ഒരു മറുപടി പറഞ്ഞാൽ മതി എന്ന് പറഞ്ഞ് കോൾ അവസാനിപ്പിച്ചു .

രണ്ടു ദിവസങ്ങൾക്ക് ശേഷം അദ്ദേഹം വീണ്ടും എന്നെ കോൺടാക്ട് ചെയ്തു. അദ്ദേഹത്തിന്റെ നിർബന്ധപ്രകാരം മാത്രമാണ് ഞാൻ ഗോൾഡ് ബാച്ചിലേക്ക് ജോയിൻ ചെയ്യുന്നത്. അതിനുശേഷം ഞാൻ തിരിഞ്ഞു നോക്കിയിട്ടില്ല. ചിട്ടയായ പഠനരീതി, നിലവാരമുള്ള വീഡിയോ ക്ലാസുകൾ, നിരന്തരമുള്ള പരീക്ഷകൾ, ഓൺലൈൻ ക്ലാസുകൾ, സിമി മിസ്സിന്റെ സ്ട്രോങ്ങ് സപ്പോർട്ട് എല്ലാം എന്നെ ഈ ഒന്നാം റാങ്ക് നേട്ടത്തിലേക്ക് പ്രാപ്തയാക്കുകയായിരുന്നു. എൻട്രിയുടെ ഗോൾഡ് Batch തിരഞ്ഞെടുക്കാൻ പ്രചോദനമായ എനിക്ക് അറിഞ്ഞുകൂടാത്ത ആ വ്യക്തിയോട് മനസ്സുകൊണ്ട് 100 തവണ ഞാൻ നന്ദി പറഞ്ഞു കഴിഞ്ഞു. പത്മശ്രീ മിസ്സ്, ഹേമ മിസ്സ്, വൈശാഖ് സർ, അൻവർഷ സർ ,രഞ്ജിത്ത് സർ എല്ലാവരോടും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു. അതുപോലെതന്നെ സിമി മിസ്സും ബെറ്റി മിസ്സും തന്ന പിന്തുണ ചെറുതല്ല.

**എൻട്രിയോടുള്ള എൻറെ സ്നേഹവും കടപ്പാടും എന്നും മനസ്സിൽ സൂക്ഷിക്കും. നന്ദി.**

# GK & CURRENT AFFAIRS

## MONTHLY CURRENT AFFAIRS - **SEPTEMBER 2023**


1. ആദിത്യ എൽ 1
2. 2023 യുഎസ് ഓപ്പൺ
3. 2023 ഏഷ്യ കപ്പ് ക്രിക്കറ്റ്
4. വനിതാ സംവരണ ബിൽ
5. വിയോഗം - ഡോ.എം എസ് സ്വാമിനാഥൻ
6. ലോകം
7. ഇന്ത്യ
8. കേരളം
9. കായികം
10. സാഹിത്യം
11. സിനിമ
12. ശാസ്ത്ര സാങ്കേതിക മേഖല
13. പദ്ധതികൾ
14. നിയമനങ്ങൾ
15. റാങ്കിങ്
16. വേദികൾ
17. പ്രധാന ദിനങ്ങൾ
18. വിയോഗം


## 1. ആദിത്യ എൽ 1

**ഇന്ത്യയുടെ പ്രഥമ സൗര ദൗത്യമായ ആദിത്യ എൽ 1 വിക്ഷേപിച്ച തീയതി 2023 സെപ്റ്റംബർ 02**

- ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽ നിന്നായിരുന്നു വിക്ഷേപണം.
- വിക്ഷേപണ വാഹനം - പി.എസ്.എൽ.വി സി-57.
- സൗരദൗത്യം നടത്തുന്ന നാലാമത്തെ രാജ്യമാണ് ഇന്ത്യ.
- സൗര അന്തരീക്ഷത്തിന്റെ മുകൾ ഭാഗത്തെ ചൂടും അതുവഴിയുള്ള വികിരണം മൂലം ഭൂമിയുടെ അന്തരീക്ഷത്തിലും കാലാവസ്ഥയിലുമുണ്ടാകുന്ന മാറ്റവും ആദിത്യ എൽ1 5 വർഷത്തോളം പഠിക്കും.
- വിവിധ പഠനങ്ങൾക്കായി വെൽക്, സ്യൂട്ട്, സോളക്സ്, ഹെലിയസ്, അസ്പെക്സ്, പാപ, മാഗ് എന്നീ 7 പേലോഡുകൾ ആദിത്യയിലുണ്ട്.

## 2. 2023 യു എസ് ഓപ്പൺ

**2023 യു എസ് ഓപ്പൺ വനിതാ സിംഗിൾസ് കിരീട ജേതാവ് - കൊക്കോ ഗോഫ്**

- ലോക ഒന്നാം നമ്പറും രണ്ടാം സീഡുമായ ആര്യാന സബലങ്കയെ പരാജയപ്പെടുത്തിയാണ് അമേരിക്കയുടെ കൊക്കോയുടെ കിരീട നേട്ടം.
- ട്രാസി ഓസ്റ്റിനും സെറീന വില്യംസിനും ശേഷം യുഎസ് ഓപ്പൺ കിരീടം സ്വന്തമാക്കുന്ന ടീനേജർ എന്ന നേട്ടവും ഇതോടെ കൊക്കോ ഗോഫ് സ്വന്തമാക്കി.
- കൊക്കോ ഗോഫിന്റെ ആദ്യ ഗ്രാൻഡ് സ്ലാം കിരീട നേട്ടമാണിത്.

**2023 യു എസ് ഓപ്പൺ പുരുഷ സിംഗിൾസ് കിരീട ജേതാവ് - നൊവാക് ജോക്കോവിച്**

- ഫൈനലിൽ റഷ്യയുടെ ദാനിൽ മെദ്വെദേവിനെ തോൽപിച്ചാണ് സെർബിയയുടെ നൊവാക് ജോക്കോവിച് തന്റെ ഇരുപത്തിനാലാം ഗ്രാൻഡ് സ്ലാം കിരീടം സ്വന്തമാക്കിയത്.

**2023 യു എസ് ഓപ്പൺ പുരുഷ ഡബിൾസ് കിരീട ജേതാക്കൾ**
**രാജീവ് രാം - സാലിസ്ബറി**

- ഫൈനലിൽ ഇന്ത്യ - ഓസ്ട്രേലിയൻ ജോഡിയായ ബൊപ്പണ്ണ - എബ്ഡൻ സഖ്യത്തെ പരാജയപ്പെടുത്തിയാണ് രാജീവ് രാം - സാലിസ്ബറി സഖ്യം കിരീടം സ്വന്തമാക്കിയത്.
- ഓപ്പൺ യുഗത്തിൽ ഗ്രാൻ സ്ലാം ഫൈനൽ കളിക്കുന്ന ഏറ്റവും പ്രായം കൂടിയ താരമാണ് ബൊപ്പണ്ണ.

## 3. 2023 ഏഷ്യ കപ്പ് ക്രിക്കറ്റ്

**2023 ഏഷ്യ കപ്പ് ക്രിക്കറ്റ് കിരീട ജേതാക്കൾ - ഇന്ത്യ**

- ഫൈനലിൽ ശ്രീലങ്കയെ 10 വിക്കറ്റിന് തകർത്താണ് ഇന്ത്യ കിരീടമുയർത്തിയത്.
- ഇന്ത്യയുടെ എട്ടാം ഏഷ്യ കപ്പ് കിരീടമാണിത്.
- ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക 15.2 ഓവറിൽ വെറും 50 റൺസിന് പുറത്തായി. ക്രിക്കറ്റ് ചരിത്രത്തിൽ ഏകദിന ഫോർമാറ്റിൽ ഒരു ഫൈനലിൽ ഏറ്റവും കുറഞ്ഞ സ്കോറിനാണ് ശ്രീലങ്ക പുറത്തായത്.
- ആറു വിക്കറ്റ് വീഴ്ത്തിയ ഇന്ത്യൻ പേസർ സിറാജാണ് ഇന്ത്യയുടെ വിജയത്തിൽ നിർണായക പങ്കുവഹിച്ചത്.
- ഏകദിനത്തിൽ ഏറ്റവും വേഗത്തിൽ അഞ്ച് വിക്കറ്റ് നേടുന്ന ബൗളറെന്ന റെക്കോർഡും സിറാജ് കരസ്ഥമാക്കി. 16 പന്തുകൾക്കിടെയാണ് സിറാജ് അഞ്ച് വിക്കറ്റ് സ്വന്തമാക്കിയത്
- ഏകദിനത്തിൽ ഒരു ഓവറിൽ നാല് വിക്കറ്റ് വീഴ്ത്തുന്ന ആദ്യ ഇന്ത്യൻ ബൗളറെന്ന നേട്ടവും സിറാജ് കരസ്ഥമാക്കി.

## 4. വനിതാ സംവരണ ബിൽ

**2023 സെപ്റ്റംബറിൽ ലോക്സഭയിൽ അവതരിപ്പിച്ച വനിതാ സംവരണ ബില്ലിന്റെ പേര് - നാരീശക്തി വന്ദൻ അധിനിയം**

- 2023 സെപ്റ്റംബർ 19ൽ പ്രവർത്തനം ആരംഭിച്ച പുതിയ പാർലമെന്റിൽ അവതരിപ്പിച്ച ആദ്യ ബില്ലാണ് വനിതാ സംവരണ ബിൽ.
- ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും മൊത്തം സീറ്റുകളുടെ മൂന്നിലൊന്ന് (33 ശതമാനം) വനിതകൾക്ക് സംവരണം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്ന ബില്ലാണ് ലോക്സഭയിൽ കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാൾ അവതരിപ്പിച്ചത്.
- പട്ടിക ജാതി- വർഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്ത സീറ്റുകളുടെ മൂന്നിലൊന്നും വനിതകൾക്കായി സംവരണം ചെയ്യും.
- പൂർണ സംസ്ഥാന പദവിയില്ലാത്ത ഡൽഹിയിലെ നിയമസഭയിലും സമാനമായ സംവരണമാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്.


## 5. വിയോഗം

## ഡോ. എം എസ് സ്വാമിനാഥൻ

**2023 സെപ്റ്റംബർ 28ന് അന്തരിച്ച പ്രശസ്ത ഇന്ത്യൻ കാർഷിക ശാസ്ത്രജ്ഞൻ ഡോ. എം എസ് സ്വാമിനാഥൻ.**

- മുഴുവൻ പേര് മങ്കൊമ്പ് സാംബശിവൻ സ്വാമിനാഥൻ എന്നാണ്.
- 1925 ഓഗസ്റ്റ് 7ന് തമിഴ്നാട്ടിലെ കുംഭകോണത്ത് ജനനം.
- ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ പുളിങ്കുന്ന് മങ്കൊമ്പ് എന്ന സ്ഥലത്താണ് തറവാട്.
- ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു.
- ഇന്ത്യൻ പരിസ്ഥിതിക്കിണങ്ങുന്നതും അത്യുല്പാദനശേഷിയുള്ളതുമായ വിത്തുകൾ വികസിപ്പിച്ചെടുക്കുകയും അത് കർഷകർക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്താണ് ശ്രീ സ്വാമിനാഥനെ അന്തർദേശീയ തലത്തിൽ പ്രശസ്തനാക്കിയത്.
- എം എസ് സ്വാമിനാഥൻ വികസിപ്പിച്ച ഗോതമ്പിനമാണ് സർബതി സൊണോറ.
- 1972 മുതൽ 79 വരെ ഇന്ത്യയുടെ ആസൂത്രണ കമ്മീഷനിൽ കൃഷിയുടെയും ഗ്രാമവികസനത്തിന്റെയും ചുമതല എന്നിവ വഹിച്ചു.
- 1982 - 88ൽ ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ.
- 1988ൽ ഇന്റർനാഷണൽ യൂണിയൻ ഫോർ ദ കൺസേർവഷൻ ഓഫ് നേച്ചർ ആൻഡ് നാച്ചുറൽ റിസോഴ്സ് പ്രസിഡന്റ്.
- 1987ലെ റോമിൽ നടന്ന ഐകരാഷ്ട്ര ഭക്ഷ്യ കോൺഗ്രസ് അധ്യക്ഷ പദവി അലങ്കരിച്ചു.

- 1987 ലോക ഭക്ഷ്യ പുരസ്കാരമായി ലഭിച്ച ഫണ്ടുപയോഗിച്ച് 1988ൽ ചെന്നൈയിൽ അദ്ദേഹം എം എസ് സ്വാമിനാഥൻ റിസർച്ച് ഫൌണ്ടേഷൻ സ്ഥാപിച്ചു
- 1999ൽ ടൈം മാഗസിൻ 20-ാം നൂറ്റാണ്ടിൽ ഏഷ്യയിലെ ഏറ്റവും സ്വാധീനമുള്ള വ്യക്തികളിലൊരാളായി തെരഞ്ഞെടുക്കപ്പെട്ടു. ഗാന്ധിജിയും രവീന്ദ്രനാഥ ടാഗോറുമാണ് മറ്റ് രണ്ട് ഇന്ത്യക്കാർ
- 2007 - 13 കാലയളവിൽ രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ടു
- 2023 സെപ്റ്റംബർ 28ന് അന്തരിച്ചു



### പ്രധാന പുരസ്കാരങ്ങൾ

- 1967 - പത്മശ്രീ
- 1971 - മഗ്സസേ അവാർഡ്
- 1972 - പത്മഭൂഷൻ
- 1987 - വേൾഡ് ഫുഡ് പ്രൈസ്
- 1989 - പത്മവിഭൂഷൻ
- 2000 - ഫ്രാങ്ക്ളിൻ റൂസ് വെൽറ്റ് അവാർഡ്
- 2013 - ഇന്ദിരാഗാന്ധി പുരസ്കാരം
- 2021 - കേരളം ശാസ്ത്ര പുരസ്കാരം

## 6. ലോകം

- തായ്‌വാനിലെ ആദ്യത്തെ ഹിന്ദു ക്ഷേത്രം - സബ്കാ മന്ദിർ.
- ആറു മാസത്തെ ബഹിരാകാശ ദൗത്യം പൂർത്തിയാക്കി 2023 സെപ്റ്റംബറിൽ ഭൂമിയിൽ തിരിച്ചെത്തിയ അറബ് ബഹിരാകാശ സഞ്ചാരി - സുൽത്താൻ അൽ നെയാദി.
- 'മറാഫി' എന്ന പേരിൽ കൃത്രിമ കനാലിനാൽ ചുറ്റപ്പെട്ട പുതിയ നഗരം നിലവിൽ വരുന്ന ഗൾഫ് രാജ്യം - സൗദി അറേബ്യ.
- ചൈനയിൽ പ്രവർത്തനം ആരംഭിക്കുന്ന വാനനിരീക്ഷണ ദൂരദർശിനി - മോസി.

## 7. ഇന്ത്യ

- 2023 സെപ്റ്റംബറിൽ 45 കോടി രൂപയ്ക്ക് ലേലം ചെയ്യപ്പെട്ട 'ജെസ്റ്റേഷൻ' എന്ന ചിത്രം വരച്ച ഇന്ത്യൻ ചിത്രകാരൻ - സൈദ് ഹൈദർ റാസ.
- ഒരു ഇന്ത്യൻ ആർട്ടിസ്റ്റിന്റെ ചിത്രത്തിന് ലഭിക്കുന്ന ഏറ്റവും ഉയർന്ന വിലയായ 61.8 കോടി രൂപയ്ക്ക് വിറ്റു പോയ പ്രശസ്ത ഇന്ത്യൻ ചിത്രകാരി അമൃത ഷേർഗിലിന്റെ ചിത്രം - ദി സ്റ്റോറി ടെല്ലർ.
- യു. എസ് ആസ്ഥാനമായുള്ള ഗ്ലോബൽ ഫിനാൻസ് മാഗസീൻ ആഗോളതലത്തിൽ ഏറ്റവും മികച്ച സെൻട്രൽ ബാങ്കറായി തിരഞ്ഞെടുത്തത് - ശക്തികാന്ത ദാസ്.

  → നിലവിൽ ഇന്ത്യയുടെ റിസർവ് ബാങ്ക് ഗവർണറാണ് ശക്തികാന്ത ദാസ്.

## 8. കേരളം

- ലഹരിമരുന്ന് ഉപയോഗവും വിൽപ്പനയും തടയാനായി സംസ്ഥാന വ്യാപകമായി പോലീസിന്റെ നേതൃത്വത്തിൽ നടന്ന പരിശോധന - ഓപ്പറേഷൻ ഡി - ഹണ്ട്.
- സംസ്ഥാന അതിർത്തികളിൽ പ്രവർത്തിക്കുന്ന മോട്ടോർ വാഹന, എക്സൈസ്, മൃഗസംരക്ഷണം എന്നീ വകുപ്പുകൾക്ക് കീഴിലെ ചെക്പോസ്റ്റുകളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - ഓപ്പറേഷൻ ട്രഷർ ഹണ്ട്.
- കേരളത്തിൽ ആദ്യമായി നടക്കുന്ന അന്താരാഷ്ട്ര കലിഗ്രഫി ഫെസ്റ്റിവലിന്റെ വേദി - കൊച്ചി, എറണാകുളം.

## 9. കായികം

- കോമൺവെൽത്ത് ഗെയിംസ് ഫെഡറേഷൻ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന മുൻ ഇന്ത്യൻ അത്ലറ്റ് - പി. ടി. ഉഷ.
  → നിലവിൽ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ (ഐഒഎ) പ്രസിഡൻറ് ആണ് പി. ടി. ഉഷ.
- സന്തോഷ് ട്രോഫിക്കും ദേശീയ ഗെയിംസിനുമുള്ള കേരള ഫുട്ബോൾ ടീമിന്റെ കോച്ചായി നിയമിതനായത് - സതീവൻ ബാലൻ.
- 2023 ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ കിരീട ജേതാക്കൾ - മോഹൻ ബഗാൻ.

## 10. സാഹിത്യം

- പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞൻ പ്രൊഫ.മാധവ് ഗാഡ്ഗിലിന്റെ ആത്മകഥ - പശ്ചിമഘട്ടം ഒരു പ്രണയകഥ.
- ശിവഗിരി മഠത്തിന്റെ 2023ലെ ശ്രീനാരായണ സാഹിത്യ കുലപതി ബഹുമതിക്ക് അർഹനായത് - പ്രൊഫ. എം. കെ. സാനു.
- കണ്ണശ്ശ സ്മാരക ട്രസ്റ്റിന്റെ കണ്ണശ്ശ പുരസ്കാരത്തിന് അർഹനായ സാഹിത്യകാരൻ - സുനിൽ. പി. ഇളയിടം.

## 11. സിനിമ

- 2023ലെ എമ്മി പുരസ്കാര നിശയിൽ ഡയറക്ടറേറ്റ് അവാർഡ് നൽകി ആദരി ക്കുന്ന ഇന്ത്യൻ ചലച്ചിത്ര നിർമ്മാതാവ് - ഏക്താ ആർ കപൂർ.
- 2024ലെ ഓസ്കാർ അവാർഡ്സിൽ ഇന്ത്യയുടെ ഔദ്യോഗിക എൻട്രിയായി തിരഞ്ഞെടുക്കപ്പെട്ട മലയാള സിനിമ - 2018: എവരിവൺ ഈസ് എ ഹീറോ.
  → കേരളം നേരിട്ട പ്രളയത്തെ ആസ്പദമാക്കി ജൂഡ് ആന്റണി ജോസഫ് സംവിധാനം ചെയ്ത മലയാള സിനിമയാണ് 2018: എവരി വൺ ഈസ് എ ഹീറോ.
  → മികച്ച വിദേശ സിനിമയ്ക്കുള്ള വിഭാഗത്തിലാണ് 2018 മത്സരിക്കുക.
- നെതർലൻഡ്സിലെ സെപ്റ്റിമിയസ് അവാർഡ്സിൽ മികച്ച ഏഷ്യൻ നടനുള്ള പുരസ്കാരത്തിന് അർഹനായ മലയാള നടൻ - ടോവിനോ തോമസ്.
  → 2018: എവരി വൺ ഈസ് എ ഹീറോ എന്ന സിനിമയിലെ അഭിനയത്തിനാണ് പുരസ്കാരം ലഭിച്ചത്.

## 12. ശാസ്ത്ര സാങ്കേതിക മേഖല

- ചാറ്റ് ജി.പി.ടി ക്കു സമാനമായി ചൈനീസ് സെർച്ച് എൻജിനും നിർമിതബുദ്ധികമ്പനിയുമായ ബെയ്ഡു അവതരിപ്പിച്ച ചാറ്റ് ബോട്ട് - എർണി.
- ജ്യോതിശ്ശാസ്ത്രത്തിൽ നൂതനമായ ശാസ്ത്രീയ അവബോധം വർധിപ്പിക്കുന്നതു ലക്ഷ്യമിട്ട് ഐ.എസ്.ആർ.ഒ. വിക്ഷേപിക്കാനൊരുങ്ങുന്ന സാറ്റലൈറ്റ് - എക്സ്പോസാറ്റ് (എക്സ് റേ പോളാരിമീറ്റർ സാറ്റലൈറ്റ്).
- ഇന്ത്യയുടെ ചാന്ദ്ര പര്യവേക്ഷണ ദൗത്യമായ ചന്ദ്രയാൻ- 3യുടെ വിക്രം ലാൻഡർ ആദ്യം ഇറങ്ങിയ സ്ഥലത്ത് നിന്നും അന്തരീക്ഷത്തിൽ ഉയരുകയും വീണ്ടും സോഫ്റ്റ്ലാൻഡ് നടത്തുകയും ചെയ്ത പരീക്ഷണത്തിന് ഐ.എസ്.ആർ.ഒ. നൽകിയ പേര് - ഹോപ്പ് എക്സ്പെരിമെന്റ്.
  - ഭൂമിയിൽ നിന്നുള്ള നിർദേശങ്ങൾ പ്രകാരം വിക്രം ലാൻഡർ ഏകദേശം 40 സെന്റീ മീറ്റർ ഉയരുകയും 30 - 40 സെന്റീ മീറ്റർ അകലത്തിൽ മറ്റൊരിടത്ത് സുരക്ഷിതമായി സോഫ്റ്റ് ലാൻഡ് ചെയ്യുകയും ചെയ്തു.
- 2023 സെപ്റ്റംബർ 7ന് വിജയകരമായി വിക്ഷേപിച്ച ജപ്പാൻ ബഹിരാകാശ ഏജൻസിയുടെ (JAXA) ആദ്യ ചാന്ദ്രദൗത്യം - മൂൺ സ്നിപ്പർ
- രാജ്യത്തെ ആദ്യ യു. പി. ഐ. എ. ടി. എം. അവതരിപ്പിച്ചത് - ഹിറ്റാച്ചി പെയ്മെന്റ് സർവീസസ്.

## 13. പദ്ധതികൾ

- കുഷ്ഠരോഗ നിർമാർജനത്തിന്റെ ഭാഗമായി കുട്ടികളിലെ രോഗം തുടക്കത്തിൽ തന്നെ കണ്ടെത്തി ചികിത്സ നൽകി അംഗവൈകല്യവും  രോഗപകർച്ചയും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആരംഭിക്കുന്ന ക്യാമ്പയിൻ - ബാലമിത്ര 2.0.
- വൈജ്ഞാനിക തൊഴിൽ മേഖലയിൽ ഭിന്നശേഷി സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്താൻ കേരള നോളെജ് ഇക്കോണമി മിഷൻ സാമൂഹ്യ നീതി വകുപ്പുമായി ചേർന്നു നടപ്പാക്കുന്ന തൊഴിൽ പദ്ധതി - സമഗ്ര.
- വിദ്യാഭ്യാസവകുപ്പുമായി സഹകരിച്ച്, അയൽക്കൂട്ട അംഗങ്ങളെ സ്കൂളുകളിൽ എത്തിച്ച് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള കുടുംബശ്രീ ക്യാമ്പയിൻ - തിരികെ സ്കൂളിൽ.
- സംസ്ഥാനത്ത് കാർഷികമേഖലകൾ തിരിച്ച് പോഷകപ്രധാന്യമുള്ള വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന പദ്ധതി - പോഷകസമൃദ്ധി മിഷൻ.
- ഡിഫറന്റ് ആർട് സെന്ററിലെ ഭിന്നശേഷിക്കുട്ടികൾക്കായി ആരംഭിച്ച കായിക പരിശീലന പദ്ധതി - റെയ്സ്.

## 14. നിയമനങ്ങൾ

- ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് നിർദ്ദേശത്തെകുറിച്ച് പഠിക്കാൻ കേന്ദ്രം നിയോഗിച്ച സമിതിയുടെ അധ്യക്ഷൻ - രാം നാഥ് കോവിന്ദ്
- റെയിൽവേ ബോർഡിന്റെ ചെയർപേഴ്സണും, സി ഇ ഒ യുമായി നിയമിതയായത് - ജയ വർമ്മ സിൻഹ

  → റെയിൽവേ ബോർഡിന്റെ തലപ്പത്ത് എത്തുന്ന ആദ്യ വനിതയാണ് ജയ വർമ്മ സിൻഹ
- പൂനെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ ചെയർമാനായി നിയമിതനായ ചലച്ചിത്ര നടൻ - ആർ മാധവൻ
- സിംഗപ്പൂർ പ്രസിന്റായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ വംശജൻ - തർമൻ ഷൺമുഖരത്നം.
- പാക്കിസ്ഥാനിലെ ഇന്ത്യൻ ഹൈക്കമ്മിഷന്റെ ചുമതലയേൽക്കുന്ന ആദ്യ വനി ത - ഗീതിക ശ്രീവാസ്തവ
- സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ ഡയറക്ടർ ജനറലായി ചുമതലയേറ്റത് - ധീരേന്ദ്ര ഓജ
- കേന്ദ്ര ടെലികോം വകുപ്പ് സെക്രട്ടറിയായി നിയമിതനയത് - നീരജ് മിത്തൽ.
- ഐ.ടി. കമ്പനികളുടെ കൂട്ടായ്മയായ നാസ്കോമിന്റെ ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ട മലയാളി - രാജേഷ് നമ്പ്യാർ
- ബ്രിട്ടണിലെ ഊർജ്ജസുരക്ഷാ മന്ത്രിയായി നിയമിതയായ ഇന്ത്യൻ വംശജ - ക്ലെയർ കൗടിഞ്ഞോ
- പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ പുതിയ പ്രിൻസിപ്പൽ ഡയറക്ടർ ജനറലൽ - മനീഷ് ദേശായി

## 15. റാങ്കിങ്

- 2023 സെപ്റ്റംബറിൽ ഐസിസി ഏകദിന ബൗളിംഗ് റാങ്കിങ്ങിൽ ഒന്നാമതെത്തിയ ഇന്ത്യൻ ബൗളർ - മുഹമ്മദ് സിറാജ്.
- വേൾഡ് ഇന്റെലക്ചൽ പ്രോപ്പർട്ടി ഓർഗണൈസേഷൻ പുറത്തിറക്കിയ ഗ്ലോബൽ ഇന്നവേഷൻ ഇൻഡെക്സ് 2023 പ്രകാരം ഇന്ത്യയുടെ റാങ്ക് - 40.
- പട്ടികയിൽ സ്വിറ്റ്സർലാന്റ് ആണ് ഒന്നാമത്.

## 16. വേദികൾ

- ജി-20 രാഷ്ട്രങ്ങളുടെ ഇന്റർഫെയ്ത്ത് ഉച്ചകോടിക്ക് വേദിയാകുന്ന നഗരം - പൂനെ, മഹാരാഷ്ട്ര.
- ആഫ്രിക്കൻ രാജ്യങ്ങളുടെ ആദ്യ കാലാവസ്ഥാ ഉച്ചകോടിക്ക് വേദിയായത്- നെയ്റോബി, കെനിയ.
- 2023 G20 ഉച്ചകോടി വേദിയാകുന്നത് - ന്യൂ ഡൽഹിയിലെ ഭാരത് മണ്ഡപം.

  → 18-ാമത് G20 സമ്മേളനമാണ് ന്യൂ ഡൽഹിയിൽ നടക്കുന്നത്.

- 2023-ലെ ആസിയാൻ ഉച്ചകോടിക്ക് വേദിയായത് - ജക്കാർത്ത, ഇന്തോനേഷ്യ
  → 43-ാമത് ആസിയാൻ ഉച്ചകോടിയാണ് ജക്കാർത്തയിൽ നടന്നത്.
- സ്വതന്ത്ര സോഫ്റ്റ്‌വെയറായ ഡെബിയന്റെ 2023ലെ ആഗോള സമ്മേളനമായ ഡെബ്കോൺഫിന് വേദിയാകുന്ന ആദ്യ ഇന്ത്യൻ നഗരം - കൊച്ചി (ഇൻഫോപാർക്ക്).
- ഇന്ത്യയിലാദ്യമായി മോട്ടോ ജി.പി.ബൈക്ക്റേസിന് വേദിയാകുന്നത് ബുദ്ധ സർക്യൂട്ട്, ഗ്രേറ്റർ നോയിഡ.
- 2023ലെ ആഗോള സുഗന്ധവ്യഞ്ജന സമ്മേളനത്തിന് വേദിയാകുന്നത് - മുംബൈ.
- രാജ്യത്തെ വനിതാ സംരംഭകരുടെ കൂട്ടായ്മയായ കേരള സ്റ്റാർട്ടപ്പ് മിഷന്റെ 2023ലെ വനിതാ സ്റ്റാർട്ടപ്പ് ഉച്ചകോടിക്ക് വേദിയാകുന്നത് - കൊച്ചി.
- 'മുന്നിൽനിന്ന് നയിക്കുക' എന്നതാണ് 2023 വനിതാ സ്റ്റാർട്ടപ്പ് ഉച്ചകോടിയുടെ പ്രമേയം.
- യുനെസ്കോയുടെ 45-ാമത് രാജ്യാന്തര പൈതൃക സമ്മേളനത്തിന്റെ വേദി - റിയാദ്, സൗദി അറേബ്യ.
- 2023 ഏഷ്യൻ ഗെയിംസ് വേദി - ഹാങ്ഷോ, ചൈന.
- 2022-ൽ നടക്കേണ്ടിയിരുന്ന ഏഷ്യൻ ഗെയിംസ് ആണ് 2023-ൽ നടക്കുന്നത്.
- 19-ാമത് എഡിഷൻ ഏഷ്യൻ ഗെയിംസ് ആണ് 2023ൽ നടക്കുന്നത്.

## 17. പ്രധാന ദിനങ്ങൾ

- അന്താരാഷ്ട്ര നാളികേര ദിനം - സെപ്റ്റംബർ 2
  → 2023 Theme - Coconuts: Transforming Lives.
- ദേശീയ അധ്യാപക ദിനം - സെപ്റ്റംബർ 05.
  → പ്രശസ്തനായ അധ്യാപകനും ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതിയും തത്ത്വ ചിന്തകനുമായിരുന്ന ഡോ. സർവ്വേപ്പിള്ളി രാധാകൃഷ്ണന്റെ ജന്മദിനമാണ് ദേശീയ അധ്യാപക ദിനമായി ആചരിക്കുന്നത്.
- അന്താരാഷ്ട്ര സാക്ഷരതാ ദിനം - സെപ്റ്റംബർ 08
  → 2023 Theme - 'Promoting literacy for a world in transition: Building the foundation for sustainable and peaceful societies'
- ദേശീയ ഹിന്ദി ദിനം - സെപ്റ്റംബർ 14
  → 1949 സെപ്റ്റംബർ 14നാണ് ഇന്ത്യൻ ഭരണഘടനാ അസംബ്ലി പുതുതായി രൂപീകരിച്ച രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയായി ഹിന്ദിയെ അംഗീകരിച്ചത്.
- അന്താരാഷ്ട്ര ജനാധിപത്യ ദിനം - സെപ്റ്റംബർ 15
  → 2023 Theme: Empowering the next generation
- ദേശീയ എഞ്ചിനിയേഴ്സ് ദിനം - സെപ്റ്റംബർ 15
  → എം വിശ്വേശ്വരയ്യയുടെ ജന്മദിനമായ സെപ്റ്റംബർ 15 ആണ് ഇന്ത്യയിൽ എഞ്ചിനിയേഴ്സ് ദിനം ആയി ആചരിക്കുന്നത്.

- ലോക ഓസോൺ ദിനം - സെപ്റ്റംബർ 16.
  → 2023 Theme - Montreal Protocol: fixing the ozone layer and reducing climate change.
- ലോക സമാധാന ദിനം - സെപ്റ്റംബർ 21.
  → 2023 Theme - "Actions for Peace: Our Ambition for the #Global Goals".
- ലോക അൽഷിമേഴ്സ് ദിനം - സെപ്റ്റംബർ 21.
- അന്ത്യോദയ ദിവസ് - സെപ്റ്റംബർ 25.



# NOTIFICATIONS

## Notification - 1

**പോളിടെക്നിക് ലക്ചറർ ഉൾപ്പടെ 51 തസ്തികകളിൽ വിജ്ഞാപനം**

തിരുവനന്തപുരം - പോളിടെക്നിക്കുകളിൽ വിവിധ വിഷയങ്ങൾക് ലക്ചറർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ തുടങ്ങി 51 തസ്തികകൾക്കുള്ള പുതിയ വിജ്ഞാപനം പി.എസ്.സി. യോഗം അംഗീകരിച്ചു. സെപ്റ്റംബർ 15-ന്റെ ഗസറ്റിൽ പ്രസിദ്ധീകരിക്കും. ഒക്ടോബർ 18 വരെ അപേക്ഷിക്കാം.

## Notification - 2

**കാറ്റഗറി നമ്പർ: 241/ 2023**

**റിസർച്ച് അസിസ്റ്റന്റ്**

**കേരള സംസ്ഥാന ആസൂത്രണ ബോർഡ്**

ഒഴിവുകളുടെ എണ്ണം: 03 പ്രതീക്ഷിത ഒഴിവുകൾ

നിയമന രീതി: നേരിട്ടുള്ള നിയമനം | പ്രായപരിധി: 19 - 37

യോഗ്യതകൾ: ഒരു അംഗീകൃത സർവകലാശാലയിൽനിന്നോ അല്ലെങ്കിൽ അംഗീകൃത സ്ഥാപനത്തിൽ നിന്നോ താഴെപറയുന്ന വിഷയങ്ങളിലേതെങ്കിലുമൊന്നിൽ ഒന്നാം ക്ലാസ്സിലോ അല്ലെങ്കിൽ ഉയർന്ന മാർക്കോടെ (കുറഞ്ഞത് 55% മാർക്ക് ഉണ്ടായിരിക്കണം) രണ്ടാം ക്ലാസ്സിലോ ഉള്ള മാസ്റ്റേഴ്സ് ബിരുദം.

- ഇക്ണോമിക്സ്
- ഇക്കണോമെട്രിക്സ്
- ഇക്കണോമിക് സ്റ്റാറ്റിസ്റ്റിക്സ്
- കോമേഴ്സ്
- സ്റ്റാറ്റിസ്റ്റിക്സ്
- മാത്തമാറ്റിക്സ് അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്

## Notification - 3

**സെറ്റ് 2024: രജിസ്ട്രേഷൻ ഒക്ടോബർ 25 വരെ**

ഹയർസെക്കൻഡറി, നോൺ വൊക്കേഷണൽ ഹയർസെക്കൻഡറി അധ്യാപക നിയമനത്തിന് കേരള സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംസ്ഥാനതല യോഗ്യത നിർണ്ണയ പരീക്ഷയായ SETന് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) അപേക്ഷിക്കാം.

**അവസാന തീയതി:** ഒക്ടോബർ 25ന് വൈകിട്ട് 5

# Notification - 4

**GAZETTE DATE: 15-09-202**

**LAST DATE: 18-10-2023**

**CATEGORY NO: 245/2023**

- **Department : Women and Child Development**
- **Name of Post : Supervisor (ICDS) (Direct Recruitment)**
- **Number of vacancies : Anticipated Vacancies**
- **Last date for receipt of applications : 18.10.2023 Wednesday up to 12.00 midnight**

# Notification - 5

**National Testing Agency Releases Examination Calendar for Academic Year 2024-25**

| Sr. No. | Name of the examination | Mode of examination | Dates of examination |
|---|---|---|---|
| 1 | Joint Entrance Examination [JEE (Main)] – 2024 Session 1 | Computer Based Test (CBT) | Between 24th January and 1st February, 2024 |
| 2 | Joint Entrance Examination [JEE (Main)] – 2024 Session 2 | Computer Based Test (CBT) | Between 1st April, 2024 and 15th April, 2024 |
| 3 | National Eligibility cum Entrance Test [NEET (UG)] – 2024 | Pen and Paper/OMR | 5th May, 2024 |
| 4 | Common University Entrance Test -UG (CUETUG) 2024 | Computer Based Test (CBT) | Between 15th May, 2024 and 31st May, 2024 |
| 5 | Common University Entrance Test -PG (CUETPG) 2024 | Computer Based Test (CBT) | Between 11th March, 2024 and 28th March, 2024 |
| 6 | UGC-NET Session - I | Computer Based Test (CBT) | Between 10th June and 21st June, 2024 |

# Notification - 6

**OST for APS Sep - Oct 2023.**

**Registration extended up to 25 Oct 2023. Exam date 25-26 Nov 2023**

## Notification - 7

| AWES Army Public School Exam Date 2023 | |
|---|---|
| Starting date for online application | 21 July 2023 |
| Last date for online application | 25 october 2023 (apply link active again) |
| Date for availability of admit card | November 2023 |
| Army public school exam date | 25 November 2023 and 26 november 2023 |
| Army public school result date | December 2023 |

## Notification - 8

**സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (SET January 2024)**

ഹയർ സെക്കണ്ടറി, നോൺ വൊക്കേഷണൽ ഹയർ സെക്കണ്ടറി അധ്യാപക നിയമനത്തിന് കേരള സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംസ്ഥാനതല യോഗ്യത നിർണ്ണയ പരീക്ഷയായ സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) G.O.(Rt) No.5218/2023/GEDN dated 18/09/2023 പ്രകാരം പരീക്ഷ നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയെയാണ്. സെറ്റ് ജനുവരി 2024ന്റെ പ്രോസ്പെക്ടസും, സിലബസും എൽ.ബി.എസ് സെന്ററിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

## Notification - 9

**National Testing Agency**

UGC NET December 2023 registration application form is live now. Candidates can apply through the link ugcnet.nta.ac.in Last date for online application form is 28 october 20.

## Notification - 10

**GAZETTE DATE: 15/09/202**

**LAST DATE: 18/10/2023**

**CATEGORY NO: 241/2023**

1. Department: Kerala State Planning Board
2. Name of Post: Research Assistant
3. Number of vacancies: 03 (Three) Anticipated Vacancies
4. Last date for submission of application: 18/10/2023, Wednesday up to 12.00 midnight.

# TIPS TO CRACK

## 'മറക്കരുത് മനഃശാസ്ത്രം'

- ഘടനാവാദത്തിനു (Structuralism) തുടക്കം കുറിച്ചത് - വില്യം വൂണ്ട്
- പരീക്ഷണ മനഃശാസ്ത്രത്തിന്റെ പിതാവ് - വില്യം വൂണ്ട്
- 1879ൽ ലിപ്സീഗ് സർവകലാശാലയിൽ ആദ്യ മനഃശാസ്ത്ര പരീക്ഷണശാല (Psychological Laboratory) സ്ഥാപിച്ചത് - വില്യം വൂണ്ട്
- ആത്മനിഷ്ഠരീതി (Introspection) ആദ്യമായി ഉപയോഗിച്ചത് - വില്യം വൂണ്ട്

**വില്യം വൂണ്ടിനെ മറക്കരുതേ!!**

## മഴവിൽ ചോദ്യങ്ങൾ

- മഴവിൽ ഉണ്ടാകാൻ കാരണമായ പ്രതിഭാസങ്ങൾ - പ്രകീർണനം, അപവർത്തനം, പൂർണാന്തര പ്രതിഫലനം
- മഴവില്ലിന്റെ മുകളിലെ നിറം - ചുവപ്പ്
- മഴവില്ലിന്റെ അകത്തെ അരുകിൽ കാണുന്ന നിറം - വയലറ്റ്
- തരംഗദൈർഘ്യം കൂടിയ നിറം - ചുവപ്പ്
- തരംഗദൈർഘ്യം കുറഞ്ഞ നിറം - വയലറ്റ്
- ഊർജം കൂടിയ നിറം - വയലറ്റ്
- ഊർജം കുറഞ്ഞ നിറം - ചുവപ്പ്
- മഴവില്ലിൽ വയലറ്റ് നിറം ഉണ്ടാക്കുന്ന കോണളവ് - 40.8°
- മഴവില്ലിൽ ചുവപ്പ് നിറം ഉണ്ടാക്കുന്ന കോണളവ്- 42.7°

# LP UP Mantra

## അളവുകളും യൂണിറ്റുകളും

1. ഒന്നാം പാദ ജോഡി ബന്ധം കണ്ടെത്തി രണ്ടാം പാദ ജോഡി പൂർത്തിയാക്കുക.

   ആക്കം: Kgm/s           ത്വരണം: ?

   Ans - $m/s^2$

2. പരസ്പര പ്രവർത്തനത്തിലേർപ്പെട്ട പ്രതലങ്ങളുടെ ആപേക്ഷിക ചലനത്തെക്കുറിച്ച പഠിക്കുന്ന ശാസ്ത്രശാഖ?

   Ans - ട്രൈബോളജി

3. താഴെ തന്നിരിക്കുന്നവയിൽ നിന്നും സ്ഥാനാന്തരത്തിന്റെ യൂണിറ്റ് കണ്ടെത്തുക?

   a. മീറ്റർ/സെക്കന്റ് b. ജൂൾ c. ഓം മീറ്റർ d. മീറ്റർ

   Ans - മീറ്റർ

4. ചേരുംപടി ചേർക്കുക

| A | B |
|---|---|
| (a) മർദ്ദം | (1) മീറ്റർ/സെക്കന്റ് |
| (b) പവർ | (2) ന്യൂട്ടൻ |
| (c) പ്രവേഗം | (3) വാട്ട് |
| (d) ബലം | (4) പാസ്കൽ |

Ans - a-4, b-3, c-1, d-2

5. താഴെ തന്നിരിക്കുന്നതിൽ നിന്നും പരിക്രമണ SI സമ്പ്രദായത്തിന്റെ സവിശേഷതകളിൽ ശെരിയായത് കണ്ടെത്തുക,

- SI യൂണിറ്റ് സമ്പ്രദായത്തിലെ അടിസ്ഥാന അളവുകൾ 7 എണ്ണമാണ്
- MKS സമ്പ്രദായത്തിന്റെ പരിഷ്കരിച്ച രൂപമാണ് ഇന്റർനാഷണൽ സിസ്റ്റം ഓഫ് യൂണിറ്റ്സ് അഥവ SI സമ്പ്രദായം
- SI യൂണിറ്റ് സമ്പ്രദായം ലോക വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയ വർഷം 1960

   Ans- എല്ലാം ശെരിയാണ്

6. താഴെ തന്നിരിക്കുന്നവയിൽ നിന്നും നീളത്തിന്റെ  SI യൂണിറ്റ് കണ്ടെത്തുക?

   a. കാൻഡല   b. ആമ്പിയർ   c. മീറ്റർ   d. കെൽവിൻ

   Ans - മീറ്റർ

7. താഴെ തന്നിരിക്കുന്നവയിൽ നിന്നും മാസിന്റെ SI യൂണിറ്റ് കണ്ടെത്തുക

a. കാൻഡല b. കിലോഗ്രാം c. ആമ്പിയർ d. മീറ്റർ

Ans - കിലോഗ്രാം

8. താഴെ തന്നിരിക്കുന്നവയിൽ നിന്നും സമയത്തിന്റെ SI യൂണിറ്റ് കണ്ടെത്തുക

a. സെക്കന്റ് b. കെൽവിൻ c. ആമ്പിയർ d. കാൻഡല

Ans - സെക്കന്റ്

9. ചേരുംപടി ചേർക്കുക

| A | B |
|---|---|
| (a) 1 മീറ്റർ | (1) 12 ഇഞ്ച് |
| (b) 1 അടി | (2) 100 സെന്റിമീറ്റർ |
| (c) 1 മൈൽ | (3) 2.47 ഏക്കർ |
| (d) 1 ഹെക്ടർ | (4) 1.6 കിലോമീറ്റർ |

Ans - a-2, b-1, c-4, d-3

10. ഒന്നാം പാദ ജോഡി ബന്ധം കണ്ടെത്തി രണ്ടാം പാദ ജോഡി പൂർത്തിയാക്കുക.

- ഒരു പാർസെക്: 3.26 പ്രകാശവർഷം
- ഒരു പ്രകാശവർഷം =..........

Ans - $9.46 \times 10^{12}$ km



# MOTIVATION TIPS
# PRADEEP SIR



**പ്രദീപ് സാറിനു അധ്യാപക ഉദ്യോഗാർഥികളോട് പറയാൻ ഉള്ളത്..**

ഒരു പരീക്ഷയ്ക്ക് ഇറങ്ങി തിരിക്കുമ്പോൾ ആദ്യം നിങ്ങളുടെ മനസ്സിൽ വേണ്ടത് പൂർണ്ണമായും ആത്മവിശ്വാസമാണ്. ഈ പരീക്ഷ എന്നെക്കൊണ്ട് നേടാൻ കഴിയും എന്നുള്ള ഒരു വിശ്വാസം ഉണ്ടെങ്കിൽ നിങ്ങൾ ആ പരീക്ഷയിൽ 50 ശതമാനം വിജയിച്ചു കഴിഞ്ഞു.

നിങ്ങൾ താരതമ്യം ചെയ്യേണ്ടത് നിങ്ങളോട് തന്നെ ആയിരിക്കണം. അല്ലാതെ മറ്റുള്ള കുട്ടികളുടെ പഠനത്തെ ആയിരിക്കരുത്. ഇന്ന് നൂറ് ചോദ്യങ്ങൾ പഠിച്ചാൽ നാളെ ഞാൻ ഇരുന്നൂറ് ചോദ്യങ്ങൾ പഠിക്കും എന്ന വാശിയോട് കൂടി പഠിക്കണം. ഓരോ ദിവസവും വാശി ഉണ്ടായിരിക്കണം. ഇന്നത്തേക്കാൾ കൂടുതൽ തീർത്ത് അടുത്ത ദിവസങ്ങളിൽ ഓരോ ദിവസവും വാശിയോട് കൂടി പഠിക്കണം. അതാണ് നിങ്ങൾ താരതമ്യം ചെയ്യേണ്ടത് മറ്റുള്ളവരെയല്ല, നിങ്ങളുടെ തന്നെ ഓരോ ദിവസത്തെ മാറ്റങ്ങൾ താരതമ്യം ചെയ്ത് വാശിയോട് കൂടി മുന്നേറുക.

ഒരു പരീക്ഷയ്ക്ക് വേണ്ടി പഠിക്കുമ്പോൾ എനിക്ക് അത് കിട്ടുമോ കിട്ടില്ലയോ എന്നുള്ള ചിന്താഗതിയിൽ നിങ്ങൾ പഠിക്കരുത്. ഞാൻ പഠിക്കുന്നതൊക്കെ വരുമോ, ഇടയ്ക്ക് നോക്കുമ്പോൾ അതെല്ലാം മറന്നു പോകുന്നെല്ലോ അപ്പോൾ ടെൻഷൻ ആകുന്നു. ഇതൊന്നും ചിന്തിക്കരുത്. എല്ലാവർക്കും ഒരുപോലെയായിരിക്കില്ല പഠനം. ചിലർക്ക് പെട്ടെന്ന് ഓർക്കാൻ കഴിയും, ചിലർക്ക് പതുക്കെ പതുക്കെ പറ്റുകയുള്ളൂ. അപ്പോൾ നിങ്ങൾ തിരിച്ചറിയേണ്ടത് നിങ്ങളുടെ ബ്രെയിൻ എങ്ങനെയാണ് എന്നുള്ളതാണ്. നിങ്ങൾക്ക് ചിലപ്പോൾ കുറേ പ്രാവശ്യം വായിക്കണമെന്നായിരിക്കും. അപ്പോൾ നിങ്ങൾ മാക്സിമം പ്രാക്ടീസ് ചെയ്ത് വായിച്ചു കൊണ്ടിരിക്കുക. വായിച്ചെങ്കിൽ മാത്രം ഓർമ്മ വരും. അത് അങ്ങനെ ശീലമാകുമ്പോൾ ആ ഫ്ലോയിൽ അങ്ങനെ പോകും.

അത് ചിലർക്ക് പെട്ടെന്ന് വരും. അപ്പോൾ ആ ഒരു താരതമ്യം ചെയ്യാതെ നിങ്ങൾക്ക് എങ്ങനെയാണോ നിങ്ങളുടെ ബ്രെയിൻ വികസിപ്പിച്ചെടുക്കാൻ കഴിയുക, അത് നിങ്ങൾ മാക്സിമം പ്രാക്ടീസ് ചെയ്യുക.

നമ്മൾ പഠിച്ചു തുടങ്ങുമ്പോൾ നമ്മളുടെ മുൻപിൽ കുറെ നെഗറ്റീവുകൾ വരാം. കുറെ അസുഖങ്ങൾ ആയിട്ട് വരാം, അല്ലെങ്കിൽ വീട്ടിലെ പ്രശ്നങ്ങൾ പ്രശ്നങ്ങൾ ആയിട്ട് വരാം, ബുദ്ധിമുട്ടുകൾ ആയിട്ട് വരാം. എല്ലാം വരും. അതിനെയൊക്കെ തരണം ചെയ്യണം. ഈ കുറച്ച് നാൾ എന്ത് പ്രശ്നം വന്നാലും അതിനെയൊക്കെ ചവിട്ടി മെതിച്ച് കൊണ്ട് മുന്നോട്ട് മുന്നോട്ട് പോകണം. ഏത് തടസ്സവും മാറ്റി മുന്നോട്ട് പോകുക. നമ്മുടെ സമയങ്ങൾ നമ്മൾ വെറുതെ കളയുകയാണെങ്കിൽ തീർച്ചയായിട്ടും ഒരു അവസരം നഷ്ടപ്പെടുകയാണ്. ആ അവസരം ഇല്ലാതാക്കി മാറ്ററുത്. ഇപ്പോൾ എന്ത് നെഗറ്റീവ് വന്നാലും അതിനെ ചവിട്ടി മെതിച്ച് കൊണ്ട് മുന്നേറിക്കൊണ്ട് അത് നേടിയെടുക്കും എന്ന വാശിയോട് കൂടി പോകുക.

ഒരു പരീക്ഷയ്ക്ക് ഇറങ്ങി തിരിക്കുമ്പോൾ കൃത്യമായി സിലബസ് എന്താണെന്ന് മനസിലാക്കി ഓരോ ദിവസവും പഠിച്ച് ആഴ്ചയിൽ അത് റിവിഷൻ നടത്തി വീണ്ടും വീണ്ടും അറിയാത്ത ടോപ്പിക്കിന് കൂടുതൽ സമയം കണ്ടെത്തി പഠിച്ച് മുന്നോട്ട് പോകുക. വാശിയോട് കൂടി പഠിച്ചാൽ വരുന്ന പരീക്ഷ നേടും എന്ന രീതിയിൽ പഠിക്കുക. മറ്റുള്ളവരെ നോക്കണ്ട ഒരു ആവശ്യവും ഇല്ല. ഓരോ ദിവസവും ശ്രദ്ധിക്കുക. നമുക്ക് എന്താണോ ചെയ്യാൻ കഴിയുന്നത് അതെല്ലാം നമ്മൾ ചെയ്യുക. നമുക്ക് കുറെ പോരായ്മകൾ ഉണ്ടെങ്കിലും ആ പോരായ്മകൾ പതുക്കെ പതുക്കെ അതങ്ങ് മാറിക്കോളും. അപ്പോൾ വാശിയോട് കൂടിയുള്ള ഒരു പഠനം ഉണ്ടായിരിക്കണം. ഓരോ ദിവസവും പരീക്ഷയുടെ തലേ ദിവസം വരെ എനിക്ക് ഈ പരീക്ഷ കിട്ടും എന്ന വിശ്വാസത്തിൽ എല്ലാ ടോപ്പിക്കും നല്ല ആത്മാർഥമായിട്ട് പഠിച്ച് മുന്നേറുക. നേടും, നേടിയിരിക്കും എന്ന ഒരു വാശിയോടെ പഠിക്കുക. വേറെ എന്ത് വന്നാലും അതിനെ നേരിട്ട് പഠിത്തത്തിൽ മാത്രം പ്രാധാന്യം കൊടുക്കുക. ഒരു ജോലി കിട്ടി കഴിയുമ്പോൾ എല്ലാം നിങ്ങളുടെ മുൻപിലേക്ക് വരും.

# ENGLISH
## SUPER 6 QUESTION CHALLENGE
# RENJITH R K



**Tip - 1**

I prefer tea……. Coffee (then, that, to, or)?

Ans: To

**ശ്രദ്ധിക്കുക**

Prefer, Refer, Junior, Senior, Inferior, Superior, Elder, Anterior, Posterior, Injurious ഇവയ്ക്കുശേഷം Preposition TO ഉപയോഗിക്കുക.

**Tip - 2**

Would you mind……. the letter. (post, posts, posting, posted)

Ans: Posting

| | | | |
|---|---|---|---|
| Would you mind | Look forward to | With a view to | Objected to |
| Insisted on | Accustomed to | | |

ഈ പ്രയോഗങ്ങൾക്കുശേഷം ING ഉപയോഗിക്കണം.

**Tip - 3**

It was no use…..money. (waste, wastes, wasting, to waste)

Ans: wasting

| | | | |
|---|---|---|---|
| It is no use | It was no use | It is no good | It was no good |
| It is worth | It is worth whille | | |

ഈ പ്രയോഗങ്ങൾക്കുശേഷം ING ഉപയോഗിക്കണം.

## Tip - 4

I…….my friend yesterday.

(meet, met, have met, had met)

Ans: met (V2)

Yesterday
last
ago
in 1947(in ചേർന്ന വർഷങ്ങൾ)
This morning തുടങ്ങിയ പദങ്ങൾ
sentenceന്റ് അവസാനം തന്നിട്ടുണ്ടെങ്കിൽ simple past ഉപയോഗിക്കാം.
അതായത് Verb-V2(past form)

## Tip - 5

No sooner did he reach home……..i fell asleep.

(than, then, when, and)

Ans: than

No soonerൽ ഒരു clause തുടങ്ങിയാൽ അടുത്ത clause, thanൽ തുടങ്ങും.

## Tip - 6

I looked………the number in the telephone directory.

(on, up, in, of)

Ans: up

look up-search for information (Dictionary/Directory)
look in to-examine (പരിശോധിക്കുക)
look for-search a person or thing
look forward to-expect
look after- take care of
look at-watch

## Tip - 7

He died........his own hands.

(of, by, from, with)

Ans: by

Die of - disease/old age

Die in - accident

Die from - avoidable reasons

Die for - a cause

Die by - suicide

Click here

**to attend the exam**

ENTRI

For More Queries

+91 75929 43725